പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5067 | 01/07/2013-ൽ മറുപടിക്ക്

പട്ടികവർഗ്ഗക്കാർക്കുള്ള ഭവന നിർമ്മാണത്തിനുള്ള ധനസഹായം

ചോദ്യം | മറുപടി

ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ. പാലോട് രവി
ശ്രീ.ജോസഫ് വാഴക്കൻ

: കുമാരി.പി.കെ.ജയലക്ഷ്മി
[പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി]

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്കുള്ള ഭവന നിർമ്മാണത്തിനുള്ള ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ യും ബി യും സി യും) | ഉണ്ട്. 15/9/2011-ലെ സ.ഉ (കൈ) നം. 93/2011/പജപവവിവ പ്രകാരം, നിലവിലുണ്ടായിരുന്ന ധനസഹായം 1.25 ലക്ഷം രൂപയിൽ നിന്നും 2.50 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ മുൻ വർഷങ്ങളിൽ ആരംഭിച്ചതും എന്നാൽ നിർമ്മാണം പൂർത്തീകരിക്കാനുമുള്ള വീടുകളുടെ ഗുണഭോക്താക്കൾക്കും വർദ്ധിപ്പിച്ച നിരക്കിനു ആനുപാതികമായി തുക അനുവദിക്കുന്നതിനു 28/9/11-ലെ സർക്കാർ ഉത്തരവ് (കൈ) നം.96/2011/ പജപവവിവ പ്രകാരം ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | വർദ്ധനവ് സംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കെയാണ്; വിവരിക്കുമോ; | | |
| (സി) | ധനസഹായം നിലവിലുള്ളതിനെക്കാൾ എത്ര ശതമാനമാണ് വർദ്ധിപ്പിച്ചിട്ടുള്ളത്; വിശദമാക്കുമോ ; | | |
| (ഡി) | വർദ്ധിപ്പിച്ച ധനസഹായം സമയബന്ധിതമായി വിതരണം ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) | ധനസഹായം വർദ്ധിപ്പിച്ചതിനുശേഷം വകുപ്പുമുഖേന അനുവദിച്ച എല്ലാ വീടുകൾക്കും വർദ്ധിപ്പിച്ച നിരക്കായ 2.5 ലക്ഷം രൂപയാണ് ഭവന നിർമ്മാണ |

| | | | |
|---|---|---|---|
| | | | ധനസഹായം നൽകുന്നത് കൂടാതെ മുൻകാലങ്ങളിൽ അനുവദിച്ച് നിർമ്മാണം പൂർത്തിയാക്കാനുള്ള വീടുകൾക്ക് ശേഷിക്കുന്ന ഘട്ടങ്ങൾക്ക് വർദ്ധിപ്പിച്ച നിരക്കിൽ ആനുപാതികമായ തുക നൽകുന്നുണ്ട്. ഇതിന് ആവശ്യമായ തുക പ്രോജക്ടാഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർക്ക് അനുവദിച്ച നൽകിയിട്ടുണ്ട്. നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ സമയ ബന്ധിതമായി പരിശോധിച്ച് തുടർന്നുള്ള ഗഡുക്കൾ കാലതാമസം കൂടാതെ അനുവദിച്ച് നൽകുന്നതിന് ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ